പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3697

15/03/2018 ൽ മറുപടിക്ക്

## ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഈ സർക്കാരിന്റെ കാലയളവിൽ പുന:സംഘടിപ്പിച്ചതിനെത്തുടർന്ന് നിയമനങ്ങൾ നടത്തുന്നതിന് സ്വീകരിച്ചു വരുന്ന തുടർനടപടികൾ വിശദമാക്കുമോ; | (എ) | വിവിധ ദേവസ്വം ബോർഡുകളിലെ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് റിക്രൂട്ട്മെന്റ് ബോർഡ് ഊർജ്ജിത ശ്രമം നടത്തി വരികയാണ്. ഇതിന്റെ ഭാഗമായി ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ സ്വീകരിക്കുന്നതു മുതൽ നിയമന ശിപാർശ വരെയുള്ള എല്ലാ പ്രവർത്തികളും സോഫ്റ്റ് വെയറിന്റെ സഹായത്തോടെ ത്വരിത ഗതിയിൽ നടത്തുന്നതിനായി "ദേവജാലിക" എന്ന ഓൺലൈൻ റിക്രൂട്ട്മെന്റ് മാനേജ്മെന്റ് സോഫ്റ്റ്വെയർ കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്കിന്റെ (CDAC) സഹായത്തോടെ വികസിപ്പിച്ചു. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ശാന്തി തസ്തികയിലേയ്ക്ക് എഴുത്തു പരീക്ഷയും ഇന്റർവ്യൂം നടത്തി റാങ്ക് പട്ടിക തയ്യാറാക്കി അതിൽ നിന്നും 140 പേരെയും ആനശേവുകം തസ്തികയിലേയ്ക്ക് പ്രാക്ടിക്കൽ പരീക്ഷയും ഇന്റർവ്യൂം നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി 14 പേരെയും സംവരണക്രമം പാലിച്ച് നിയമനത്തിന് ശിപാർശ ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അസിസ്റ്റന്റ് എൻജിനീയർ (സിവിൽ), ഓവർസിയർഗ്രേഡ് - 3 (സിവിൽ) എന്നീ തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുകയും യഥാക്രമം 25/02/2018, 04/03/2018 എന്നീ തീയതികളിൽ OMR പരീക്ഷ നടത്തുകയും ചെയ്തു. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മലബാർ ദേവസ്വം ബോർഡിലെ എക്സിക്യൂട്ടീവ് ഓഫീസർ ഗ്രേഡ്-4 തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനം 14/02/2018 ൽ പുറപ്പെടുവിച്ചു. അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 17/03/2018 ആണ്. കൊച്ചിൻ ദേവസ്വം ബോർഡിലെ ശാന്തി, കഴകം, വിവിധ ക്ഷേത്ര വാദ്യക്കാർ അടക്കം ഒൻപതു തസ്തികകളിലേയ്ക്കുള്ള വിജ്ഞാപനങ്ങൾ ഉടൻ തന്നെ പുറപ്പെടുവിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സബ്ഗ്രൂപ്പ് ആഫീസർ, കഴകം എന്നീ തസ്തികകളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം വിശദമാക്കുമോ? | (ബി) | നിലവിൽ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള 64 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ബോർഡിന്റെ കീഴിലുള്ള ദേവസ്വങ്ങളിലെ ജീവനക്കാരെ പുനർവിന്യസിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ നടന്നു വരുന്നത്. പുനർവിന്യാസം കഴിഞ്ഞതിന് ശേഷം മാത്രമേ സബ് ഗ്രൂപ്പ് ഓഫീസർ കഴകം തുടങ്ങിയ ഒഴിവുകളുടെ കൃത്യമായ എണ്ണം ലഭ്യമാകുകയുള്ളു. |

സെക്ഷൻ ഓഫീസർ